വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. HARITHA V KUMAR IAS)

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. സർക്കാർ കത്ത് നം.എ1/252/2016/സാനീവ തീയതി-04.07.2017, 07.08.2017.
2. ജി.ഒ(പി) നം.77/2012/എസ്.ജെ.ഡി തീയതി-27.12.2012.
3. ഈ കാര്യാലയത്തിൽ നിന്നുള്ള 06.04.2025 ലെ ഇതേ നം വിജ്ഞാപനം.
4. WCD-A1/87/2023-WCD നം. സർക്കാർ കത്ത്

**ഉത്തരവ് നം.DWCD/933/2023-E9 തീയതി: 19-07-2025**

വനിത ശിശുവികസന വകുപ്പിൽ ഗാർഹിക പീഡന നിരോധന നിയമം നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലായി 14 വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക രൂപീകരിച്ചിട്ടുണ്ട്. ഗാർഹിക പീഡന നിരോധന നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതനുസരിച്ചുള്ള മറ്റ് ധനസഹായ പദ്ധതികൾ സമയബന്ധിതമായി അനുവദിക്കുന്നതിനും ഓരോ ജില്ലയിലും വുമൺ പ്രൊട്ടക്ഷൻ ഓഫീസറുടെ സേവനം അത്യന്താപേക്ഷിതമാണ്. വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നത് വരെയും താൽക്കാലിക സംവിധാനത്തിലൂടെ വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള വനിത ജീവനക്കാരെ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (i) പ്രകാരം താൽക്കാലിക നിയമനം നൽകുവാൻ പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ താൽക്കാലിക നിയമനത്തിനായി വകുപ്പിൽ നിശ്ചിത യോഗ്യതയുള്ളവരെ പരിഗണിക്കുന്നതിനും അപേക്ഷിക്കുന്നതിനുള്ള സേവന പരിചയം 10 വർഷം എന്നത് വയനാട് ജില്ലയുടെ കാര്യത്തിൽ മാത്രമായി 5 വർഷമായി പരിമിതപ്പെടുത്തുന്നതിന് നിബന്ധനകൾക്ക് വിധേയമായി പരാമർശം (4) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം പാലക്കാട്, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ള/ പരാമർശം (4)ലെ സർക്കാർ അനുമതി പ്രകാരമുള്ള വകുപ്പിലെ വനിത ജീവനക്കാരിൽ നിന്നും പരാമർശം (3) പ്രകാരം താൽക്കാലിക നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകരെ ഉൾപ്പെടുത്തി ഇന്റർവ്യൂ നടത്തിയതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിനായി ചുവടെ പറയുന്ന ജീവനക്കാർ യോഗ്യരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക, കാര്യാലയം |
|---|---|
| 1 | ശ്രീമതി ജെഷിത ഇ,<br>ശിശുവികസന പദ്ധതി ഓഫീസർ, ICDS കോഴിക്കോട്<br>അർബൻ 3 |
| 2 | ശ്രീമതി സവിത പി.ജി,<br>ഓഫീസ് അറ്റന്റന്റ്, |

| | |
|---|---|
| | വുമൺ പ്രൊട്ടക്ഷൻ ഓഫീസ്, വയനാട് |
| 3. | ശ്രീമതി ഗീത.എൻ.പി,<br>ICDS സൂപ്പർവൈസർ,<br>ICDS കൽപ്പറ്റ |

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1), (2), (4) എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ജീവനക്കാരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള കാര്യാലയത്തിൽ കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (i) പ്രകാരം വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, കാര്യാലയം | വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നൽകുന്ന ജില്ല. |
|---|---|---|
| 1. | ശ്രീമതി ജെഷിത ഇ,<br>ശിശുവികസന പദ്ധതി ഓഫീസർ,<br>ICDS കോഴിക്കോട് അർബൻ 3 | പാലക്കാട് |
| 2. | ശ്രീമതി സവിത പി.ജി,<br>ഓഫീസ് അറ്റന്റന്റ്,<br>വുമൺ പ്രൊട്ടക്ഷൻ ഓഫീസ്,<br>വയനാട് | കാസർഗോഡ് |
| 3. | ശ്രീമതി ഗീത.എൻ.പി,<br>ICDS സൂപ്പർവൈസർ,<br>ICDS കൽപ്പറ്റ | വയനാട് |

വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ഭരണപരമായ ബുദ്ധിമുട്ടിന് കാരണമാകുന്ന സാഹചര്യത്തിലാണ് ഒരു stop gap arrangement എന്ന നിലയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (i) പ്രകാരം യോഗ്യരായ വനിത ഉദ്യോഗസ്ഥരിൽ നിന്നും താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുള്ളത്. ഇപ്രകാരം നിലവിൽ താൽക്കാലിക നിയമനം നേടുന്നവരും വകുപ്പിൽ ഇപ്പോൾ ഇതര തസ്തികകളിൽ സ്ഥിരമായി ലീൻ ഉള്ളവരുമായ ജീവനക്കാർക്ക് ഭാവിയിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനോ സീനിയോറിറ്റിക്കോ പ്രത്യേക അവകാശവാദമുന്നയിക്കാൻ യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

മേൽ പറഞ്ഞ പ്രകാരമുള്ള താൽക്കാലിക നിയമനത്തിന്റെ ദൈർഘ്യം സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ബൈട്രാൻസ്ഫർ മുഖേന യോഗ്യരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതു വരെയോ അല്ലെങ്കിൽ അവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം നടത്തുന്നതുവരെയോ ഈ വിഷയത്തിൽ സർക്കാർ മറ്റൊരു ഉത്തരവ്

പുറപ്പെടുവിക്കുന്നതുവരെയോ മാത്രമായിരിക്കും.

കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (v) ന് താഴെയുള്ള പ്രൊവിസോ പ്രകാരം ചട്ടം 9 (എ) (i) അനുസരിച്ച് നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് അതാത് സമയത്തെ ശമ്പള നിർണ്ണയ ചട്ടങ്ങൾക്ക് അനുസൃതമായി ശമ്പള നിർണ്ണയത്തിനും തുടർന്നുള്ള ഇൻക്രിമെന്റുകൾക്കും അർഹതയുണ്ട്. താൽക്കാലിക നിയമനം ഉയർന്ന ശമ്പള സ്കെയിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേയ്ക്കാണെങ്കിൽ കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 37(ബി) പ്രകാരം നിശ്ചയിക്കാവുന്നതാണ്. താഴ്ന്ന ശമ്പള സ്കെയിൽ നിന്നും ഉയർന്ന ശമ്പള സ്കെയിലേയ്ക്കുള്ള നിയമനമാണെങ്കിൽ കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 28 (എ) പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ട്. നിയമനം ഒരേ ശമ്പള സ്കെയിൽ ഉള്ളതാണെങ്കിൽ കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 30 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനായിരിക്കും അർഹത.

വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂളിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ബൈട്രാൻസ്ഫർ മുഖേന അല്ലെങ്കിൽ നേരിട്ടുള്ള നിയമനം വഴി ഒഴിവ് നികത്തുമ്പോൾ താൽക്കാലികമായി നിയമിക്കപ്പെട്ട ജീവനക്കാർ ഫീഡർ കാറ്റഗറിയിലേയ്ക്ക് തിരികെയെത്തുകയും ശമ്പളം റീ-ഫിക്സ് ചെയ്യപ്പെടുകയും ടി ഉദ്യോഗസ്ഥർ താൽക്കാലിക നിയമനം ലഭിക്കാതെ തന്റെ ഫീഡർ കാറ്റഗറിയിൽ തുടർന്നിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളവും ആനുകൂല്യവും നോഷണലായി കണക്കാക്കി ഫീഡർ കാറ്റഗറിയിലേയ്ക്ക് പുന:പ്രവേശിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.

താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ചുമതല ഏറ്റെടുത്ത വിവരം ആർ.റ്റി.സി യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

__പകർപ്പ് :__

1. അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക്/ജില്ല പ്രോഗ്രാം ഓഫീസർമാർക്ക്
3. സ്റ്റേറ്റ് പ്രോജക്റ്റ് കോ ഓർഡിനേറ്റർ, നിർഭയ സെൽ
4. സൂപ്രണ്ട് ഡബ്ല്യു.ഇ.സി സെക്ഷൻ
5. E1, E3,E6 സീറ്റ്
6. ഐ.റ്റി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by
സൂപ്രണ്ട്
Chithra T
Date: 21-07-2025 12:28:05